**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5577** **08-07-2024 - ൽ മറുപടിയ്ക്ക്**

**കെ.പി.എസ്.സി. വഴി നടന്ന നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്ത് ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ നിയമിക്കുന്നതിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം രാജ്യത്തിനാകെ മാതൃകയാണ്. നിയമനങ്ങൾ സുതാര്യമായും വേഗത്തിലും നടത്തുന്നതിന് പബ്ലിക് സർവീസ് കമ്മീഷൻ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഉദ്യോഗാർത്ഥികൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന രജിസ്റ്റർ ചെയ്തതിനുശേഷം പ്രൊഫൈൽ മുഖേന അപേക്ഷിക്കുവാനും, പരീക്ഷ എഴുതുമെന്ന് കൺഫർമേഷൻ നൽകുവാനും, അഡ്മിറ്റ് കാർഡ് ലഭിക്കുന്നതിനും ,പ്രൊവിഷണൽ ഉത്തരസൂചിക സംബന്ധിച്ച ആക്ഷേപങ്ങൾ സമർപ്പിക്കുവാനും, ഉത്തരക്കടലാസുകളുടെ പകർപ്പ്, പുന:പരിശോധന എന്നിവയ്ക്കായി അപേക്ഷിക്കുവാനും ഓൺലൈൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. e-vacancy software സംവിധാനം മുഖേന ലഭിക്കുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത തസ്തികകൾക്ക് പരീക്ഷാ കലണ്ടർ മൂന്ന് മാസം മുൻപ് മുൻകൂറായി പ്രസിദ്ധീകരിച്ച് പരമാവധി ഒരു വർഷത്തിനകം പരീക്ഷ നടത്തുകയും ചെയ്യുന്നു. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനായി 'Exam Management Software' വികസിപ്പിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി വ്യക്തമായി തിരിച്ചറിയുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് പരിശോധന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പരീക്ഷ നടപടികൾ പൂർത്തിയാക്കി കാലതാമസം കൂടാതെ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച്, പ്രസ്തുത റാങ്ക് പട്ടികകളിൽ നിന്നും പരമാവധി വേഗത്തിൽ നിയമന ശിപാർശ നൽകുന്നതിനായി 'e-Rotation' സോഫ്റ്റ്വെയറും തയ്യാറാക്കിയിട്ടുണ്ട്. നിയമന ശിപാർശകളുടെ സോഫ്റ്റ് കോപ്പി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷം നടന്ന മൊത്തം നിയമനങ്ങളിൽ എത്ര ശതമാനം നിയമനങ്ങൾ | (ബി) | 2024 ഏപ്രിൽ വരെ സംസ്ഥാന, ജില്ല തലങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പടെ **12,659** ഉദ്യോഗാർത്ഥികൾക്ക് |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | കെ.പി.എസ്.സി. വഴി മാത്രം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ നിയമന വിവരങ്ങൾ ലഭ്യമല്ല. |
| (സി) | ഇക്കാലയളവിൽ ഏത് ജില്ലയിലാണ് കൂടുതൽ നിയമനം നടന്നിട്ടുള്ളത്; ഇതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | പ്രസ്തുത കാലയളവിൽ ജില്ലാതല നിയമനങ്ങളിൽ മലപ്പുറം ജില്ലയിൽ നിന്നാണ് കൂടുതൽ നിയമനശിപാർശ നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള നിയമന ശിപാർശ വിവരം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ഡി) | പി.എസ്.സി. യുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനും ആവശ്യമായ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുമോ? | (ഡി) | കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം രാജ്യത്തിനാകെ മാതൃകയാണ്. നിയമനങ്ങൾ സുതാര്യമായും വേഗത്തിലും നടത്തുന്നതിന് പബ്ലിക് സർവീസ് കമ്മീഷൻ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഉദ്യോഗാർത്ഥികൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന രജിസ്റ്റർ ചെയ്തതിനുശേഷം പ്രൊഫൈൽ മുഖേന അപേക്ഷിക്കുവാനും, പരീക്ഷ എഴുതുമെന്ന് കൺഫർമേഷൻ നൽകുവാനും, അഡ്മിറ്റ് കാർഡ് ലഭിക്കുന്നതിനും ,പ്രൊവിഷണൽ ഉത്തരസൂചിക സംബന്ധിച്ച ആക്ഷേപങ്ങൾ സമർപ്പിക്കുവാനും, ഉത്തരക്കടലാസുകളുടെ പകർപ്പ്, പുന:പരിശോധന എന്നിവയ്ക്കായി അപേക്ഷിക്കുവാനും ഓൺലൈൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. e-vacancy software സംവിധാനം മുഖേന ലഭിക്കുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത തസ്തികകൾക്ക് പരീക്ഷാ കലണ്ടർ മൂന്ന് മാസം മുൻപ് മുൻകൂറായി പ്രസിദ്ധീകരിച്ച് പരമാവധി ഒരു വർഷത്തിനകം പരീക്ഷ നടത്തുകയും ചെയ്യുന്നു. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനായി 'Exam Management Software' |

| **നം.** | **ജില്ല** | **നിയമന ശിപാർശകളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 724 |
| 2 | കൊല്ലം | 439 |
| 3 | പത്തനംതിട്ട | 353 |
| 4 | ആലപ്പുഴ | 283 |
| 5 | കോട്ടയം | 306 |
| 6 | ഇടുക്കി | 326 |
| 7 | എറണാകുളം | 741 |
| 8 | തൃശ്ശൂർ | 547 |
| 9 | പാലക്കാട് | 467 |
| **10** | **മലപ്പുറം** | **862** |
| 11 | കോഴിക്കോട് | 434 |
| 12 | വയനാട് | 166 |
| 13 | കണ്ണൂർ | 452 |
| 14 | കാസർഗോഡ് | 400 |

| | | | |
|---|---|---|---|
| | | | വികസിപ്പിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി വ്യക്തമായി തിരിച്ചറിയുന്നതിന് ആധാർ അധിഷ്ഠിത ബയോമെടിക് പരിശോധന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പരീക്ഷ നടപടികൾ പൂർത്തിയാക്കി കാലതാമസം കൂടാതെ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച്, പ്രസ്തുത റാങ്ക് പട്ടികകളിൽ നിന്നും പരമാവധി വേഗത്തിൽ നിയമന ശിപാർശ നൽകുന്നതിനായി 'e-Rotation' സോഫ്റ്റ്വെയറും തയ്യാറാക്കിയിട്ടുണ്ട്. നിയമന ശിപാർശകളുടെ സോഫ്റ്റ് കോപ്പി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ